"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

സംസ്ഥാനത്ത് സ്റ്റേറ്റ് ലൈബ്രറി കൗസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി നിർവ്വഹണ കാലാവധി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകി - ഉത്തരവ് - പുറപ്പെടുവിക്കുന്നു

---

**തദ്ദേശസ്വയംഭരണ (ഡി.സി) വകുപ്പ്**

G.O.(Rt) No.1177/2021/LSGD തീയതി,തിരുവനന്തപുരം, 18/06/2021

---

പരാമർശം:- 1 22.01.2020 -ലെ സ.ഉ.സാധാ (നം) 171/2020/ തസ്വഭവ നമ്പർ ഉത്തരവ്

2 23.09.2020 -ലെ സ.ഉ.സാധാ (നം) 1731/2020/ തസ്വഭവ നമ്പർ ഉത്തരവ്

3 ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറുടെ 04.06.2021-- ലെ 1492/A/2019/SMനമ്പർ കത്ത്

**ഉത്തരവ്**

കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുളള ലൈബ്രറികളോടനുബന്ധിച്ച് പൊതുശൗചാലയം പണിയുന്നതിന് വ്യവസ്ഥകൾക്ക് വിധേയമായി അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഉത്തരവ് പ്രകാരം 2019-2020 സാമ്പത്തിക വർഷം തന്നെ പദ്ധതി നിർവ്വഹണം പൂർത്തീകരിക്കണമെന്ന് നിഷ്കർഷിച്ചിരുന്നു. കോവിഡ്ബാധയുടെ പശ്ചാത്തലത്തിൽ 2019-2020 സാമ്പത്തിക വർഷം ലൈബ്രറികളോടനുബന്ധിച്ചുള്ള ശൗചാലയ നിർമ്മാണം ആരംഭിക്കുവാൻ സാധിച്ചിട്ടില്ലാത്തതിനാൽ പദ്ധതി നിർവ്വഹണ കാലാവധി 2021 മാർച്ച് 31-വരെ ദീർഘിപ്പിച്ചുകൊണ്ട് പരാമർശം (2) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2. കോവിഡ് സാഹചര്യത്തിൽ പ്രഖ്യാപിക്കപ്പെട്ട ലോക് ഡൗൺ തുടർന്ന് വന്ന സാഹചര്യത്തിൽ പ്രസ്തുത സമയ പരിധിക്കുള്ളിലും പദ്ധതി നിർവ്വഹണം പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യത്തിൽ പദ്ധതി നിർവ്വഹണ കാലാവധി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ശുചിത്വ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടർ പരാമർശം (3) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സ്റ്റേറ്റ് ലൈബ്രറി കൗസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ലൈബ്രറികളിൽ പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ നിർവ്വഹണ കാലാവധി 2022 മാർച്ച് 31 വരെ ദീർഘിപ്പിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
R S Kannan
Special Secretary

സെക്രട്ടറി, കേരള സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വ മിഷൻ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(A&E) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (GSSA/ERSA) കേരള, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
ഡയറക്ടർ, ഐ&പി.ആർ.ഡി/ വെബ് & ന്യൂ മീഡിയ, തിരുവനന്തപുരം
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.

പകർപ്പ്-

തദ്ദേശ സ്വയം ഭരണ വകുപ്പ് മന്ത്രിയുടെ പി എസ്-ന്
തദ്ദേശ സ്വയം ഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എ.യ്ക്ക്
തദ്ദേശ സ്വയം ഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ യ്ക്ക്